**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി. 25.03.2024

# സർക്കുലർ

**പ്രിയപ്പെട്ട ജില്ലാ റിസോഴ്സ് പേഴ്സസൺ,**

സംസ്ഥാനത്ത് വിവിധ ജില്ലകളിലെ 24 ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കി പബ്ലിക് ഹിയറിംഗ് നടത്തുന്നതിന്, തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് കഴിഞ്ഞില്ല. **പത്തനംതിട്ട, കോട്ടയം, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്** ജില്ലകളിൽ ഉൾപ്പെട്ടതാണ് പ്രസ്തുത പഞ്ചായത്തുകൾ. സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയാത്ത പഞ്ചായത്തുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ പഞ്ചായത്തുകളുടെ ഫയൽ വെരിഫിക്കേഷൻ, ഫീൽഡ് വെരിഫിക്കേഷൻ പ്രവർത്തനങ്ങൾ അതത് ജില്ലയിലെ ബ്ലോക്ക് റിസോഴ്സ് പേഴ്സസൺമാരുടെ നേതൃത്വത്തിൽ ഉടൻതന്നെ ആരംഭിക്കേണ്ടതാണ്. ഏപ്രിൽ 01-ാംതീയതി മുതൽ ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഫയൽ, ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനും വേണ്ടിയുള്ള വ്യക്തമായ ആക്ഷൻപ്ലാൻ തയ്യാറാക്കി സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് **മൂന്ന് ദിവസങ്ങൾക്കകം** അയച്ചുതരേണ്ടതാണ്. മലപ്പുറം, വയനാട്, ബ്ലോക്കുകളിൽ നിരവധി പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കാൻ ഉള്ള സാഹചര്യത്തിൽ ഈ ജില്ലകളിലെ ഫയൽ, ഫീൽഡ് പരിശോധനയ്ക്കായി ബ്ലോക്ക് റിസോഴ്സ് പേഴ്സസൺമാരോടൊപ്പം ആവശ്യമായ വി.ആർ.പിമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. ബാക്കി ജില്ലകളിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സസൺമാർ ഈ ചുമതല നിർവ്വഹിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പ് വിജ്ഞാപനം നിലവിൽ വന്ന സാഹചര്യത്തിൽ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ യാതൊരു കാരണവശാലും പൊതുമണ്ഡലത്തിലെ ചർച്ചകളിൽ കടന്നുവരാൻ ഇടയാകരുത്. പൂർണ്ണമായും രഹസ്യസ്വഭാവത്തോടെ സൂക്ഷിക്കേണ്ടതാണ്. പൂർത്തിയാക്കാത്ത പഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് ഫയൽ, ഫീൽഡ് പരിശോധനാ പ്രവർത്തനങ്ങൾ സംബന്ധിച്ച ആക്ഷൻ പ്ലാൻ ഉടൻതന്നെ തയ്യാറാക്കി ചുമതലപ്പെട്ട ബ്ലോക്ക്/വില്ലേജ് റിസോഴ്സ് പേഴ്സസൺമാരുടെ പേര് ഉൾപ്പെടെ അതത് ജില്ലാ റിസോഴ്സ് പേഴ്സസൺമാർ സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് ഉടൻതന്നെ അയച്ചുതരണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

**പകർപ്പ്:** എല്ലാ ജില്ലാ റിസോഴ്സ് പേഴ്സസൺമാർക്കും

## സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയാത്ത 24 ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | പത്തനംതിട്ട - (1) | റാന്നി | പെരുനാട് |
| 2 | കോട്ടയം - (1) | വാഴൂർ | വാഴൂർ |
| 3 | പാലക്കാട് - (1) | അട്ടപ്പാടി | അഗളി |
| 4 | മലപ്പുറം - (11) | നിലമ്പൂർ | ചാലിയാർ |
| | | | ചുങ്കത്തറ |
| | | | വഴിക്കടവ് |
| | | കാളിക്കാവ് | കരുവാരക്കുണ്ട് |
| | | | തുവ്വൂർ |
| | | അരിക്കോട് | പുൽപ്പറ്റ |
| | | | ചീക്കോട് |
| | | | കുഴിമണ്ണ |
| | | പെരിന്തൽമണ്ണ | ആലിപ്പറമ്പ് |
| | | | താഴെക്കോട് |
| | | മങ്കട | മങ്കട |
| 5 | വയനാട് - (9) | മാനന്തവാടി | തിരുനെല്ലി |
| | | | തൊണ്ടർനാട് |
| | | | തവിഞ്ഞാൽ |
| | | സുൽത്താൻബത്തേരി | അമ്പലവയൽ |
| | | കൽപ്പറ്റ | വൈത്തിരി |
| | | | മുട്ടിൽ |
| | | | തരിയോട് |
| | | | മേപ്പാടി |
| | | | മൂപ്പൈനാട് |
| 6 | കാസർകോട് - (1) | പരപ്പ | വെസ്റ്റ് എളേരി |

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S. ...ALAYAM
TRIVA...RUM -33
(Govt of Kerala)